"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/256/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-07-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടാത്തവയ്ക്ക് വേണ്ടി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് തടഞ്ഞുകൊണ്ടുള്ള നിർദ്ദേശം - മാലിന്യ നിർമ്മാർജ്ജന മേഖലയിൽ ഇളവ് അനുവദിച്ച് വ്യക്തത വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 25.06.2024ലെ ഡിഎ1/256/2024-തസ്വഭവ നമ്പർ സർക്കുലർ

**********************

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ ചുമതലയിൽപ്പെടാത്തവയ്ക്കായി പ്രോജക്ട് തയ്യാറാക്കാവുന്നതല്ലെന്നും അതിനായി വിഹിതം ചെലവഴിക്കാവുന്നതല്ലെന്നും വ്യക്തത വരുത്തി, സൂചിത സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

ശുചിത്വ മിഷന്റെ SBM ഫണ്ട് ഉപയോഗിച്ച് സിവിൽ സ്റ്റേഷനുകൾ, KSRTC ബസ് സ്റ്റേഷനുകൾ, ടൂറിസം - തീർത്ഥാടന കേന്ദ്രങ്ങൾ, എയ്ഡഡ് സ്കൂളുകൾ തുടങ്ങിയ സ്ഥലങ്ങൾ/സ്ഥാപനങ്ങിൽ ശുചിമുറികൾ/ എം.സി.എഫ്. പോലുള്ള മറ്റു അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച ബുദ്ധിമുട്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉന്നയിക്കുന്നുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇല്ലാത്ത സ്ഥലങ്ങളിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ വിമുഖത കാണിക്കുന്ന സാഹചര്യങ്ങളും ഉണ്ടാകുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട വിഷയമായതിനാലും, മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ മേൽ പ്രതിപാദിച്ച സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഒരുക്കേണ്ടത് അനിവാര്യമായതിനാലും, മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങൾക്കു പുറമെയുള്ള മറ്റു സ്ഥാപനങ്ങളിലും ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിന്, സൂചിത സർക്കുലറിലെ വ്യവസ്ഥ ബാധകമല്ലെന്ന് വ്യക്തത വരുത്തി, നിർദ്ദേശം പുറപ്പെടുവിക്കുന്നു.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ് (WM1/161/2024-LSGD)
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 20-07-2024 11:30:11

സെക്ഷൻ ഓഫീസർ.